## പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3701 — 30.01.2014 ന് മറുപടിയ്ക്ക്.

### ടൂറിസം പദ്ധതികൾക്ക് വനം വകുപ്പിന്റെ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) ടൂറിസം വകുപ്പിന്റെ പല പദ്ധതികളും വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിന് കാലതാമസം വരുത്തുന്നതിനാൽ നടപ്പിലാക്കാൻ കഴിയുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) ടൂറിസം വകുപ്പിന്റെ പദ്ധതികൾ വനമേഖലയിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നടപ്പിലാക്കുന്നതിന് വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം വരുത്താറില്ല. എന്നാൽ മണ്ണാർക്കാട് ഡിവിഷനിലെ മീൻവല്ലം ഇക്കോടൂറിസം ഏരിയയിൽ ടൂറിസം പദ്ധതിക്കായി ടൂറിസം വകുപ്പ് വനം വകുപ്പിന്റെ അനുമതിയ്ക്കായി പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ഇത്തരം പദ്ധതികൾക്ക് 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. യൂസർ ഏജൻസിയായ ടൂറിസം വകുപ്പ് നിശ്ചിത ഫോർമാറ്റിലല്ല അപേക്ഷ സമർപ്പിച്ചത്. നിശ്ചിത ഫോർമാറ്റിൽ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. ഇക്കാര്യത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സങ്ങൾ ഉണ്ടായിട്ടില്ല. |
| (ബി) ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾക്ക്, കേരളത്തിൽ വനം വകുപ്പിന്റെ ടി നടപടികൾ ലഘൂകരിക്കാത്തതു മൂലം വലിയ നഷ്ടംസംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിച്ചുവോ; | (ബി) വനസംരക്ഷണവും ജൈവ വൈവിധ്യ പരിപാലനവുമാണ് വനം വകുപ്പിന്റെ പ്രഥമ ലക്ഷ്യം. ഓരോ ദേശത്തിന്റേയും പ്രകൃതിയുടെ തനിമയും, സാംസ്കാരിക പാരമ്പര്യവും നിലനിർത്തി വനസമ്പത്ത് സംരക്ഷിച്ചുകൊണ്ടും നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായുമാണ് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നത്. ഇത്തരത്തിൽ വനസമ്പത്ത് സംരക്ഷിച്ചും പ്രകൃതിയുടെ തനിമ നിലനിർത്തിയും പരിസ്ഥിതിക്കാഘാതമേല്പിക്കാതേയും വനമേഖലയുടെ സൗന്ദര്യം ആസ്വദിക്കുന്നതിന് |

പൊതുജനത്തിന് അവസരം ലഭിക്കുന്ന തരത്തിൽ പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിൽ ഇക്കോട്ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നത്. വനാശ്രിത സമൂഹത്തിന്റെ ജീവിതോപാധി വർദ്ധിപ്പിക്കലാണ് ഇക്കോട്ടൂറിസം പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യമെങ്കിലും മാനവരാശിയുടെ നിലനില്പിന് അത്യന്താപേക്ഷിതമായ വനങ്ങളുടെ നിലനില്പിനാണ് പ്രഥമ പരിഗണന നല്കുന്നത്.

(സി) അഞ്ചു കോടി രൂപ വരെയുള്ള പദ്ധതികൾക്ക് ഇപ്രകാരം പെർമിസീവ് സാംങ്ഷൻ നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഡി.എഫ്.ഒ-മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.